"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള - മിഷന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി(ആസൂത്രണം-ബി) വകുപ്പ്

G.O.(Rt)No.1225/2025/AGRI തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-

1) ഭാരത സർക്കാർ ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 16/01/2023 തീയതിയിലെ G.S.R.29E നമ്പർ നോട്ടിഫിക്കേഷൻ.
2) 08/08/2024-ന് ചേർന്ന സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 45-ാമത് സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിന്റെ നടപടിക്കുറിപ്പ്.
3) 24/03/2025-ന് ചേർന്ന സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 46-ാമത് സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിന്റെ നടപടിക്കുറിപ്പ്.
4) സ.ഉ.(അച്ചടി)നം.27/2025/ധന തീയതി 18/03/2025.
5) സ.ഉ.(സാധാ)നം.604/2025/കൃഷി തീയതി 17/06/2025.
6) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടറുടെ 26/08/2025, 03/11/2025 എന്നീ തീയതികളിലെ SHM(11)/2507/Vehicle Purchase/25-26 നമ്പർ കത്തുകൾ.

ഉത്തരവ്

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുടെ ആസ്ഥാന കാര്യാലയത്തിന്റെയും, ആറ് ജില്ലാ ഹോർട്ടികൾച്ചർ മിഷൻ കാര്യാലയങ്ങളുടെയും ഔദ്യോഗികാവശ്യങ്ങൾക്കായി, മൊത്തം ഏഴ് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മിഷൻ ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2)സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 45-ാമത് സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങിൽ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആസ്ഥാന കാര്യാലയത്തിലെ ഉപയോഗത്തിനായി, പതിനഞ്ചുവർഷ കാലാവധി പൂർത്തിയാക്കിയ വാഹനങ്ങൾക്ക് പകരമായി രണ്ടു പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് പരാമർശം (2) പ്രകരവും, തുടർന്നുനടന്ന 46-ാമത് സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങിൽ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കണ്ണൂർ, കോഴിക്കോട്, കാസറഗോഡ് എന്നീ ജില്ലാ ഹോർട്ടികൾച്ചർ മിഷൻ കാര്യാലയങ്ങളിൽ ഉപയോഗിച്ചു വരുന്ന, പതിനഞ്ചുവർഷ കാലാവധി പൂർത്തിയാക്കിയ വാഹനങ്ങൾക്ക് പകരമായി ആറ് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് പരാമർശം (3) പ്രകരവും അനുമതി നൽകിയിരുന്നു എന്നും, 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ' ആന്വൽ ആക്ഷൻ പ്ലാൻ (MIDH-AAP)-ന്റെ നടത്തിപ്പിലേക്കായി പരാമർശം (5) പ്രകാരം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർക്ക് സർക്കാർ അനുവദിച്ചു നൽകിയ 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ഒന്നാം ഗഡുവായ 3500 ലക്ഷം രൂപയിൽ Institutional Strengthening (Spill Over Component)-ലേക്ക് അനുവദനീയമായ തുകയിൽ നിന്നും പുതിയ വാഹനം വാങ്ങുവാൻ വേണ്ട 56,43,959/-രൂപ (അമ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തിമൂവായിരത്തി തൊള്ളായിരത്തി അമ്പത്തിയൊൻപതു രൂപ മാത്രം) കണ്ടെത്തിയിട്ടുണ്ട് എന്നും, ആയതിനാൽ സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മിഷന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി ഏഴ് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി ലഭ്യമാക്കണമെന്നും മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3)ഭാരത സർക്കാർ ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ പരാമർശം(1) നോട്ടിഫിക്കേഷൻ പ്രകാരം, സർക്കാർ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ, ആദ്യ രജിസ്ട്രേഷൻ തീയതി തുടങ്ങി പതിനഞ്ചുവർഷം പൂർത്തിയാകുന്ന മുറക്ക് അവസാനിക്കുന്നതാണ് എന്നും, ആയതു പുതുക്കുവാൻ സാധിക്കില്ല എന്നും, ഇത്തരം വാഹനങ്ങൾ സ്ക്രാപ്പ് ചെയ്യുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും നിഷ്കർഷിച്ചിരിക്കുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങുകളിൽ കൈക്കൊണ്ട തീരുമാനപ്രകാരം മിഷൻ ഡയറക്ടർ സമർപ്പിച്ച പരാമർശം (6) പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആസ്ഥാന കാര്യാലയത്തിലെ ഉപയോഗത്തിനായി 8,48,399/-ലക്ഷം രൂപ (എട്ടു ലക്ഷത്തി നാല്പത്തി എട്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) ചെലവിൽ ഒരു വാഹനവും, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കണ്ണൂർ, കോഴിക്കോട്, കാസറഗോഡ് എന്നീ ജില്ലാ ഹോർട്ടികൾച്ചർ മിഷൻ കാര്യാലയങ്ങളിലെ ഉപയോഗത്തിനായി മൊത്തം 47,95,560/-ലക്ഷം രൂപ (നാൽപ്പത്തി ഏഴു ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) ചിലവിൽ ആറ് വാഹനങ്ങളും, ആകെ ഏഴു വാഹനങ്ങൾക്കായി 56,43,959/-രൂപ (അമ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തിമൂവായിരത്തി തൊള്ളായിരത്തി അമ്പത്തിയൊൻപതു രൂപ മാത്രം), ഇതിനു സർക്കാരിൽനിന്നും യാതൊരുവിധ ധനസഹായവും ലഭ്യമാകുകയില്ല എന്നും, പരാമർശം (4)ഉത്തരവിലെ നിബന്ധനകൾ കർശനമായും പാലിക്കണം എന്നുമുള്ള വ്യവസ്ഥയിൽ, പൂർണമായും മിഷന്റെ പ്രവർത്തന ഫണ്ട് ഉപയോഗിച്ച്, സർക്കാരിന്റെ ഇ-മാർക്കറ്റ്പ്ലേസ് (GeM) പോർട്ടൽ മുഖാന്തരം കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തു വാങ്ങുവാൻ അനുമതിനൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANOOP M R
JOINT SECRETARY

മിഷൻ ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ- കേരള.
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് .
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് ), കേരള, തിരുവനന്തപുരം.
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ ഡിവിഷൻ ) വകുപ്പ് *(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).*
കരുതൽ ഫയൽ/ഓഫീസിൽ പകർപ്പ് ***(ഫയൽ നമ്പർ : പിബി1/233/2025-കൃഷി)***

ഉത്തരവിൻ പ്രകാരം

Signed by
Nisha T K
Date: 22-12-2025 11:16:03

സെക്ഷൻ ഓഫീസർ

**പകർപ്പ് :**
*ബഹു. കൃഷിവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് .*
*പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.- യ്ക്ക്.*